| | | | |
|---|---|---|---|
| **പതിമൂന്നാം കേരള നിയമസഭ** | | | |
| **പതിനഞ്ചാം സമ്മേളനം** | | | |
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1198** | | **03.12.2015-ൽ മറുപടിക്ക്** | |
| **<u>ഹയർ സെക്കന്ററി സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനം</u>** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)** | | **ശ്രീ. പി.കെ. അബ്ദു റബ്ബ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** | |
| (എ) | ഹയർ സെക്കന്ററി സ്കൂളുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി ഈ വർഷം എത്ര കോടി രൂപയാണ് ചെലവഴിക്കാൻ തീരുമാനിച്ചതെന്നും ഇതിൽ എത്ര കോടി രൂപ കെട്ടിടങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷം 6100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 5000 ലക്ഷം രൂപ കെട്ടിട നിർമ്മാണത്തിനായി നീക്കി വച്ചിട്ടുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്കൂളുകളിലാണ് പുതിയ കെട്ടിടം നിർമ്മിക്കാൻ എസ്റ്റിമേറ്റ് സമർപ്പിച്ചതെന്നും ഇവയ്ക്കുള്ള ഭരണാനുമതി എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ താഴെ പറയുന്ന ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും ലഭിച്ചിട്ടുണ്ട്.<br>1) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഉപ്പിലിക്കൈ.<br>2) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ബല്ല.<br>3) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, മടിക്കൈ.<br>4) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കൊട്ടോടി.<br>5) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കമ്പല്ലൂർ.<br>6) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഷിറിയ.<br>മേൽ പറഞ്ഞ സ്കൂളുകളിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഉപ്പിലിക്കൈ, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കമ്പല്ലൂർ, ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഷിറിയ എന്നിവിടങ്ങളിലെ കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുകയാണ്. |

**സെക്ഷൻ ഓഫീസർ**